പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 393 09.02.2016-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ഹോസ്ദുർഗ്ഗ് എന്നീ നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതികരണ മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ട് ; | | |
| (സി) | വനം വകുപ്പിന്റെ തടസ്സങ്ങൾ നീക്കി ഉദുമ നിയോജക മണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളും വൈദ്യുതീകരിക്കുക വഴി പ്രസ്തുത മണ്ഡലത്തെയും സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) | ഉദുമ നിയോജക മണ്ഡലത്തിലെ ദേലം പാടി പഞ്ചായത്തിലെ ചെന്നി അടുക്ക എസ്.സി. കോളനി, നെല്ലിത്തട്ട് എസ്.സി.കോളനി എന്നീ പ്രദേശത്ത് വൈദ്യുതീകരണത്തിനായി വനത്തിലൂടെ എൽ.റ്റി. ഭൂഗർഭ കേബിൾ ഇടുന്ന പ്രവൃത്തികൾക്ക് 59,04,106/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. തുക അടയ്ക്കുന്ന മുറയ്ക്ക് വനം വകുപ്പിൽ നിന്ന് അനുമതി വാങ്ങിയശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ.